**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **26-07-2021 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ഇ.എസ്.ഐ ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ എടരിക്കോട് ഇഎസ്ഐ ആശുപത്രിയുടെ വികസനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കോട്ടക്കൽ ഇ.എസ്.ഐ ഡിസ്പെൻസറി നിലവിൽ പ്രവർത്തിച്ചു വരുന്നത് വാടക കെട്ടിടത്തിലാണ്. പ്രസ്തുത വാടക കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ മറ്റൊരു കെട്ടിടം ഡിസ്പെൻസറിക്കായി വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷനുമായി ചേർന്ന് വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുവാൻ വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥലത്തിനു വേണ്ടി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കോട്ടക്കൽ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ